(ഇ) റവന്യൂകാർഡ് സംബന്ധിച്ച ചട്ടങ്ങൾ 1999 ഡിസംബർ 29-ാം തീയതിയിലെ അസാധാരണ ഗസറ്റിൽ 12-12-1999-ലെ സ.ഉ.(പി)503/99/റവന്യൂ നമ്പരായി വിജ്ഞാപനം ചെയ്തിട്ടുണ്ട്.

(എഫ്)റവന്യൂകാർഡ് നടപ്പിലാക്കുന്നതുകൊണ്ട് എന്തെങ്കിലും അപാകതകളുണ്ടെന്ന് കരുതുന്നില്ല. റവന്യൂകാർഡിനു വേണ്ടിയുള്ള അപേക്ഷകൾ പൂരിപ്പിക്കുന്നതിലും റവന്യൂകാർഡിനെക്കുറിച്ചും ജനങ്ങൾക്കുള്ള ആശങ്ക ദൂരീകരിക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

53 (577) റവന്യൂകാർഡ് വിതരണം സംബന്ധിച്ച നടപടികൾ

<u>ശ്രീ. തമ്പാനൂർ രവി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ കാർഡ് വിതരണം സംബന്ധിച്ച നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് എന്നത്തേക്ക് പൂർത്തിയാക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) റവന്യൂ കാർഡിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) റവന്യൂകാർഡിനുള്ള അപേക്ഷാഫാറം ലഭിക്കാത്തതുമൂലം ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) റവന്യൂകാർഡ് സംബന്ധിച്ച് ഗവൺമെന്റിന് എന്തെല്ലാം പരാതികളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(എഫ്)പരാതി പരിഹരിക്കുന്നതിന് ഗവൺമെന്റ് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ അർഹരായ മുഴുവൻ കുടുംബങ്ങൾക്കും 31-12-2000 തീയതിക്കുമുമ്പ് റവന്യൂകാർഡ് വിതരണം ചെയ്യുവാനുള്ള ലക്ഷ്യമിട്ടുകൊണ്ട് ആവശ്യാനുസരണമുള്ള അപേക്ഷാഫാറങ്ങൾ അച്ചടിച്ച് സൗജന്യമായി വിതരണം നടത്തിയിട്ടുണ്ട്. പൂരിപ്പിച്ച അപേക്ഷാ ഫാറം തിരികെ നൽകാനുള്ള അവസാന തീയതി 31-7-2000 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. പൂരിപ്പിച്ച അപേക്ഷാ ഫാറങ്ങൾ തിരികെ ലഭിച്ചുകൊണ്ടിരിക്കുന്നു.

(ബി) റവന്യൂകാർഡിന്റെ വിതരണം 31-12-2000-ന് മുമ്പ് പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) സർക്കാർ വകുപ്പുകൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയും സർക്കാരിന്റെ മറ്റു സ്ഥാപനങ്ങളും നൽകുന്ന വിവിധ സർട്ടിഫിക്കറ്റുകൾക്ക് പകരമായ ഒരു ആധികാരിക രേഖ എന്ന നിലയിൽ 'റവന്യൂകാർഡ്' ഉപയോഗിക്കുക എന്നതാണ് പ്രധാന ഉദ്ദേശ്യം: സംസ്ഥാനത്തെ മുഴുവൻ കുടുംബങ്ങളുടെയും കുടുംബാംഗങ്ങളുടെയും പേരിലുള്ള വസ്തുവകകൾ, ബാദ്ധ്യതകൾ, വരുമാനം, ജാതി എന്തെങ്കിലും ധനസഹായം ലഭിച്ചിട്ടുണ്ടെ

LIBRARY ARCHIVES Kerala Legislative Assembly

ങ്കിൽ അതിന്റെ വിവരങ്ങൾ എന്നിങ്ങനെ എല്ലാ വിവരങ്ങളും ഉൾക്കൊള്ളുന്ന ഒരു സമഗ്രരേഖയായിരിക്കും റവന്യൂകാർഡ്.

(ഡി) ആവശ്യമുള്ളത്രയും അപേക്ഷാഫാറങ്ങൾ അച്ചടിച്ചു വിതരണം ചെയ്യുന്നുണ്ട്. ഇപ്പോൾ അപേക്ഷാഫാറം ലഭിക്കുന്നതിൽ ഒരു ബുദ്ധിമുട്ടും ഇല്ല.

(ഇ)&(എഫ്) റവന്യൂകാർഡിനുള്ള അപേക്ഷാ ഫാറം ലഭിക്കുന്നില്ലായെന്നുള്ള കാര്യത്തിലാണ് പ്രധാനമായും പരാതികൾ ലഭിച്ചിട്ടുള്ളത്. ആവശ്യമുള്ള അപേക്ഷാഫാറങ്ങൾ വിതരണം ചെയ്തതോടെ ആ പരാതി പരിഹരിച്ചിട്ടുണ്ട്.

54 (578) റവന്യൂ കാർഡ് ചട്ടങ്ങൾ

<u>ശ്രീ. കെ.സി. ജോസഫ്</u> :
<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> :
<u>പ്രൊഫസർ സാവിത്രി ലക്ഷ്മണൻ</u> :
<u>ശ്രീ. പാലോട് രവി</u> :
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള റവന്യൂകാർഡ് ആക്ടനുസരിച്ചുള്ള ചട്ടങ്ങൾ എന്നാണ് പ്രാബല്യത്തിൽ വന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ചട്ടങ്ങളുടെ അനുബന്ധമായി ചേർത്തിരിക്കുന്ന റവന്യൂ കാർഡിനുള്ള അപേക്ഷാഫാറവും ഇപ്പോൾ വിതരണം നടത്തിക്കൊണ്ടിരിക്കുന്ന അപേക്ഷാഫാറവും തമ്മിൽ എന്തെല്ലാം കാര്യങ്ങളിൽ വ്യത്യാസം വരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ചട്ടങ്ങളുടെ അനുബന്ധമായി ചേർത്തിരിക്കുന്ന അപേക്ഷാഫാറത്തിൽ നിന്നും വ്യത്യസ്തമായ ഫാറം ജനങ്ങൾക്ക് നൽകുന്നത് നിയമപരമായി സാധൂകരിക്കാവുന്നതാണോ എന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) റവന്യൂകാർഡ് ചട്ടങ്ങൾ 1999 ഡിസംബർ 12-ന് അസാധാരണ ഗസറ്റായി പ്രസിദ്ധം ചെയ്തിട്ടുണ്ട്.

(ബി) വ്യത്യാസമില്ല.

(സി) ചട്ടങ്ങളുടെ അനുബന്ധമായി ചേർത്തിരിക്കുന്ന ഫോറം തന്നെയാണ് ജനങ്ങൾക്ക് നൽകുന്നത്.

55 (579) മലയോര കർഷകർക്ക് പട്ടയം

<u>ശ്രീ. കെഎം. മാണി</u> :
<u>ശ്രീ. സി.എഫ്. തോമസ്</u> :
<u>ശ്രീ. കെ. നാരായണക്കുറുപ്പ്</u> :
<u>ശ്രീ. തോമസ് ചാഴികാടൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly